## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4047 | 16.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് കല്യാണമണ്ഡപങ്ങളിലും മറ്റ് ഓഡിറ്റോറിയങ്ങളിലും പ്ലാസ്റ്റിക്ക് നിർമ്മിത വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉപയോഗത്തിനു ശേഷം വലിച്ചെറിയുന്ന ഇത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിയ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നു.<br>◆ ബോധവൽക്കരണം.<br>◆ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ.<br>◆ അജൈവമാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.<br>◆ റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗം പ്രോത്സാഹിപ്പിക്കൽ.<br>◆ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ.<br>◆ ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കൽ. |
| (സി) | ഇത്തരത്തിലുള്ള വസ്തുക്കളുടെ വിപണനം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (സി) | • പ്ലാസ്റ്റിക് മാലിന്യം ഉദ്പാദിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് സംഭരിക്കേണ്ടതും അംഗീകൃത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് നേരിട്ടോ ഏജൻസി മുഖേനയോ കൈമാറേണ്ടതുണ്ടെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br>• എല്ലാ മാലിന്യ ഉദ്പാദകരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബൈലോയിൽ പറയുംപ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റിനായി യൂസർഫീ നൽകേണ്ടതാണ്.<br>• തുറസ്സായ സ്ഥലങ്ങളിൽ ചടങ്ങുകൾ സംഘടിപ്പിക്കുന്നതിന് ഉത്തരവാദികളായിട്ടുള്ള ഓരോരുത്തരും പ്ലാസ്റ്റിക്/ മൾട്ടിലെയേഡ് പാക്കേജിംഗിൽ ഭക്ഷണം നൽകിയാൽ അത്തരം മാലിന്യങ്ങൾ തരംതിരിച്ച് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ നിർദ്ദേശാനുസരണം മാനേജ് ചെയ്യേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>• 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശം 24/09/19-ലെ 576/ഡി.സി.1/16/തസ്വഭവ. സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ